**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ മേഖലകളിലെ സമ്പൂർണ്ണ വികസനവും ക്ഷേമവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ മേഖലകളിലെ സമ്പൂർണ്ണ വികസനവും ക്ഷേമവും ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;സർക്കാർ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. <u>സിവിൽ സർവ്വീസ് കോച്ചിംഗ്</u><br><br>30 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമുള്ള മികച്ച സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിൽ പഠിക്കുന്നതിനും താമസ സൗകര്യങ്ങൾക്കുമായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.<br><br>2. <u>അക്രഡിറ്റഡ് എഞ്ചിനീയർമാർ</u><br><br>പട്ടികവർഗ്ഗക്കാരിലെ സിവിൽ എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റ് പാസായ 200 പേർക്ക് വകുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശീലനം ലഭിക്കുന്നതിനായി അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമനം നൽകുന്ന പദ്ധതി. ടി പദ്ധതി പ്രകാരം നിയമനം നൽകിത്തുടങ്ങിയിട്ടുണ്ട്.<br><br>3. <u>വിംഗ്സ് പദ്ധതി</u><br><br>തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ചേർന്നു പഠിക്കുന്ന 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനത്തിന് വിധേയമായി സ്കോളർഷിപ്പ്.<br><br>4. <u>എംപവർമെന്റ് സൊസൈറ്റി</u><br><br>അഭ്യസ്തവിദ്യരായ പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ തൊഴിൽ സംരംഭകരും |

തൊഴിൽ ദാതാക്കളുമാക്കുന്നതിനുള്ള പദ്ധതി.

5. <u>കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം</u>

പട്ടിക വിഭാഗം ജനതയുടെ സമഗ്ര വികസനത്തിനും ക്ഷേമത്തിനുമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി.

പട്ടിക വർഗ്ഗ വികസന വകുപ്പ് ചുവടെ പരാമർശിക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു.

<u>എ. വിദ്യാഭ്യാസം</u>

- വിദ്യാഭ്യാസ സ്കോളർഷിപ്പ്
- പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ/ എം.ആർ.എസ്സുകളെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിനുള്ള പദ്ധതി.
- വകുപ്പിനു കീഴിലുള്ള പ്രീ-പ്രൈമറി സ്ഥാപനങ്ങളെ മോഡൽ പ്രീ-സ്കൂളുകളാക്കി.
- സ്കൂളുകളിൽ ഗോത്ര ഭാഷയിൽ പഠനം നടത്തുന്നതിനുള്ള പദ്ധതി
- സാമൂഹ്യ പഠനമുറി
- ലാപ്ടോപ്പ് വിതരണം
- സെറ്റിൽമെന്റുകളിൽ ഇന്റർനെറ്റ് സൗകര്യം
- പട്ടിക വർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള ധനസഹായം

<u>ബി) ആരോഗ്യ സംരക്ഷണ പദ്ധതികൾ</u>

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ സഹായ പദ്ധതി
- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും
- ആംബുലൻസ് സേവനം
- ജനനി ജന്മരക്ഷാ പദ്ധതി

സി) <u>സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ</u>

- ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വിതരണം
- ലൈഫ് മിഷൻ - ഭവന പദ്ധതി

| | | | |
|---|---|---|---|
| | | | • അംബേദ്ക്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം<br>• സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതികൾ<br>• പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം<br>• പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം<br>• തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി<br>• പട്ടികവർഗ്ഗക്കാർക്കായുള്ള സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും |
| (ബി) | പട്ടിക ഗോത്രവർഗ മേഖലകളിൽ വിവിധ സംഘടനകൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണതകൾ നിരുത്സാഹപ്പെടുത്തുന്നതിനും പ്രസ്തുത വിഭാഗങ്ങളുടെ സ്വൈര്യ ജീവിതം ഉറപ്പുവരുത്തുന്നതിസർക്കാർ നുമായി നടത്തിയ ഇടപെടലുകൾ സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗോത്രവർഗക്കാരുടെ പരമ്പരാഗത കൃഷിരീതികൾ വികസിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനും സഹായകരമാകുന്ന നിലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ? | (സി) | അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യുവാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ "നമത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു.<br><br>പരമ്പരാഗത കൃഷിയെ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി "ഹരിതരശ്മി" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനും ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ പോഷകനിലവാരം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിലും തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ